# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/965/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/965/2022 തീയ്യതി: 25/05/2022

## കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ, അസി.ഓഡിറ്റ് ഓഫീസ്ർ
ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ
ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എൻ.പത്മജ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ. സി.കെ.ശശി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ദീപു രാജ് | സെക്രട്ടറി | 01-04-2020 | 01-06-2020 |
| | | 17-06-2020 | 10-07-2020 |
| ശ്രീ. ഗിരീഷ് കുമാർ.ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-06-2020 | 16-06-2020 |
| ശ്രീ. സായ് പ്രകാശ്.എൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2020 | 20-07-2020 |
| ശ്രീ. മനോജ് കുമാർ.കെ.ടി | സെക്രട്ടറി | 21-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നീന.പി | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ. വിനീഷ്.എൻ | വെറ്ററിനറി സർജൻ | 01-04-2020 | 24-10-2020 |
| ഡോ. സന്തോഷ് കുമാർ | വെറ്ററിനറി സർജൻ | 25-10-2020 | 31-03-2021 |
| ഡോ. ജീജ.കെ.എൻ. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ. ശശീധരൻ.ടി.എം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ. വിനോദൻ.കെ.വി | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീമതി. ലീന.ടി.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീ. മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ. സജിഷ്.വി.കെ. | വി.ഇ.ഒ | 01-04-2020 | 29-10-2020 |
| ശ്രീമതി. സുധ.എം | വി.ഇ.ഒ | 30-10-2020 | 31-03-2021 |
| ശ്രീ. ബിജോഷ് എസ്.ഡി. | വി.ഇ.ഒ | 01-04-2020 | 29-10-2020 |
| ശ്രീ. അഭിലാഷ്.ടി.കെ | വി.ഇ.ഒ | 30-10-2020 | 31-03-2021 |
| ശ്രീ. ഗിരീഷ് കുമാർ.ഇ | അസി. സെക്രട്ടറി | 01-04-2020 | 28-06-2020 |

| | | | |
|---|---|---|---|
| ശ്രീ. സായ് പ്രകാശ്.എൻ.കെ | അസി. സെക്രട്ടറി | 29-06-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ മജീദ്.പി.സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. നിഷ.സി.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 21-05-2022)<br>Last Updated By: Shibin K S (Auditor, On 21-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-7 |
| 10 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-9 |
| 13 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-10 |
| 14 | അനധികൃത നിർമ്മാണ നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-11 |
| 15 | വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-12 |
| 16 | ഡേഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-13 |
| 17 | എഫ്.ടി.ഇ.&.ഒ ലൈസൻസ് അപാകതകൾ | 1-14 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-15 |
| 19 | ലേലം സംബന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-16 |
| 20 | ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ-വാങ്ങിയ ഫർണീച്ചർ സ്ഥാപനങ്ങൾക്ക് കൈമാറിയതിന് രേഖകളില്ല<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-17 |
| 21 | ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി. കെൽട്രോണിൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-18 |
| 22 | മുണ്ടുവയൽ ,കുട്ടിക്കണ്ടി റോഡ് -ഇറിഗേഷൻ വകുപ്പിൽ ഡപോസിറ്റ് ചെയ്ത തുക നാളിതുവരെ ചെലവഴിക്കപ്പെട്ടില്ല<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-19 |
| 23 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-20 |
| 24 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-21 |
| 25 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-22 |
| 26 | റോഡ് കോൺക്രീറ്റ് സ്പെസിഫിക്കേഷൻ ക്രമപ്രകാരമല്ല<br>Written By: Disha R.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-23 |
| 27 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല<br>Written By: Disha R.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-24 |
| 28 | അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രേഖകൾ ഹാജരാക്കാത്തവർക്കും കട്ടിൽ നൽകി<br>Written By: Jayan P (Senior Grade Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-25 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-26 |
| 30 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-27 |
| 31 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്റ്റുകൾ പ്രകാരം വിതരണംചെയ്ത വിത്തുകൾ, തൈകൾ എന്നിവയുടെ വിതരണവിവരം ലഭ്യമല്ല.<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-28 |
| 32 | ധനസഹായം ലഭിച്ച് മൂന്ന് വർഷത്തോളമായിട്ടും ഭവന നിർമ്മാണം | 1-29 |

| | | |
|---|---|---|
| | പൂർത്തീകരിച്ചില്ല<br>Written By: Jayan P (Senior Grade Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | |
| 33 | ലൈഫ് ഭവന പദ്ധതി രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-30 |
| 34 | കേരള വാട്ടർ അതോറിറ്റി കുടിവെള്ളക്കരം അടവാക്കൽ-സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം യഥാസമയംവെള്ളക്കരം കുറവ് ചെയ്തില്ല<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-31 |
| 35 | അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അഗതിരഹിത കേരളം പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 24-05-2022) | 1-32 |
| 36 | ആർദ്രം പദ്ധതിയിൽ പി.എച്ച്.സി ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക കൈമാറി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-33 |
| 37 | അടിസ്ഥാനസൗകര്യങ്ങളും ഫിറ്റ്നസുമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു<br>Written By: Jayan P (Senior Grade Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 3-1 |
| 2 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 3-2 |
| 3 | അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രേഖകൾ ഹാജരാക്കാത്തവർക്കും കട്ടിൽ നൽകി<br>Written By: Jayan P (Senior Grade Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 22-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 19-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 19-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 19-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 25.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 2/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 17-2.21 ലെ അജണ്ട 1 തീരുമാനം 2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . നിശ്ചിത സമയപരിധി പാലിച്ചില്ലെങ്കിലും സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കി സമർപ്പിച്ച ബജറ്റ് പ്രപ്പോസലിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. ബജറ്റ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വാർഷിക ബജറ്റിൽ മുന്നിരിപ്പുൾപ്പെടെ 171766169 രൂപ വരവും 169766169 രൂപ ചെലവും 200000 രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 60926450 രൂപയും ചെലവ് 53031670 രൂപയുമാണ്. പ്രധാന നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും സാമ്പത്തിക വർഷത്തെ യഥാർത്ഥ വരവും തമ്മിൽ വലിയ വ്യത്യാസമുണ്ട് .

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---:|---:|
| വസ്തുനികുതി | 1600000 | 1141430 |
| തൊഴിൽ നികുതി | 650000 | 454980 |
| ഫീസ് & യൂസർ ചാർജ് | 406500 | 220202 |

അതേ പോലെ തന്നെ ചെലവിനങ്ങളിൽ ചില ഹെഡുകളിൽ വകയിരുത്തിയതിൽ കൂടുതൽ തുക യഥാർത്ഥ ചെലവു വന്നിട്ടുണ്ട്. ഉദാ. ഓപ്പറേഷൻ& മെയിന്റനൻസ് വിഭാഗത്തിൽ ബജറ്റ് പ്രകാരം 409500 രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് 794854 രൂപയുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 24.06.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-36) ഷെഡ്യൂൾ പ്രകാരം Advance Collection Of Revenues - Licence Fees For Dangerous&Offensive Traders ഇനത്തിലെ വരവ് 47,800 രൂപയാണ്. എന്നാൽ എഫ്.ടി.ഇ.എ&ഒ.എസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ Licence Fees For Dangerous&Offensive Traders ഇനത്തിലെ അഡ്വാൻസ് കളക്ഷൻ 46,100രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-43) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 6,90,124 രൂപയും വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 4,26,467 രൂപയുമാണ്. എന്നാൽ 2020-21 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 6,92,506 രൂപയും വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 4,27,677 രൂപയുമാണ്.

3. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, പേരാമ്പ്ര, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67391982027) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 28.01.2021 | 2591 |
| 16.02.2021 | 1788 |
| 20.02.2021 | 1537 |
| 23.02.2021 | 1244 |
| 24.02.2021 | 947 |
| 19.03.2021 | 366 |

4. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി(റസിഡൻഷ്യൽ) ഇനത്തിൽ 50,756 രൂപയും വസ്തു നികുതി(നോൺ-റസിഡൻഷ്യൽ) ഇനത്തിൽ 51,905 രൂപയും കുടിശ്ശികയുണ്ട്. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Recievables For Property Tax On Residential Buildings (Arrear) 43,898/- രൂപയും, Recievables For Property Tax On Non Residential Buildings (Arrear) 46,483/- രൂപയും മാത്രമാണ് കളക്ഷൻ. എന്നാൽ 2020-21 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി(റസിഡൻഷ്യൽ),വസ്തു നികുതി(നോൺറസിഡൻഷ്യൽ) ഇനങ്ങളിലെ അരിയർ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

5. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കളക്ഷൻ 3,84,080 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 3,72,580 രൂപയാണ് .

6. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 27,711/- രൂപയുടെ സ്റ്റോർസ് 2019-20 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി 3) എന്നത് ഫിക്സഡ് അസറ്റിന്റെയും (B11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയായിരിക്കണം. എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഇവ തമ്മിൽ 1,63,04,677/-രൂപയുടെ വ്യത്യാസം കാണുന്നു.

8. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

9. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 69,91,031 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,39,35,419 |
| ആകെ | 6,09,26,450 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,30,31,670 |
| നീക്കിയിരിപ്പ് | 78,94,780 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 74,98,032 | 74,98,032 | 72,88,032 | 2,10,000 |
| വികസന ഫണ്ട്- എസ്.സി.പി(ACR പ്രകാരം) | 0 | 41,28,734 | 41,28,734 | 34,44,280 | 6,84,454 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1,41,000 | 1,41,000 | 56,000 | 85,000 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 97,69,000 | 97,69,000 | 97,69,000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 34,56,681 | 34,56,681 | 34,56,681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 77,53,749 | 77,53,749 | 44,44,234 | 33,09,515 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | 0 | 37,80,000 | 37,80,000 | 18,91,216 | 18,88,784 |
| ഐ.സി.ഡി.എസ് | 3,97,090 | 6,99,245 | 10,96,335 | 8,62,979 | 2,33,356 |
| വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 5,98,500 | - | 5,98,500 | 82,620 | 5,15,880 |
| എം.പി.ഫണ്ട് | 35,709 | 4,091 | 39,800 | 6,053 | 33,747 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്-റോഡ്, മെയിന്റനൻസ് ഫണ്ട്-നോൺറോഡ്, എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,15,40,092 | 1,10,72,809 |
| വികസനഫണ്ട് (എസ്.സി.പി) | 2,28,16,376 | 39,85,960 |
| വികസനഫണ്ട് (ടി.എസ്.പി) | 1,63,500 | 1,41,000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1,46,55,926 | 1,20,18,028 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ് | 1,02,43,127 | 43,61,607 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) , മെയിന്റനൻസ് ഗ്രാന്റ് -റോഡ്, മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 131 | 107 | 7 | 17 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 131 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 114 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രൊജക്ടുകൾക്കായി 62969024 രൂപ വകയിരുത്തിയതിൽ 38650045രൂപ പ്രൊജക്ടുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലക്ഷക്കണക്കിന് രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 7498032 | 7288032 | 210000 |
| വികസന ഫണ്ട് -SCP | 4128734 | 3444280 | 684454 |
| വികസന ഫണ്ട്-T.S.P | 141000 | 56000 | 85000 |
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 3456681 | 3456681 | - |
| മെയിന്റെനൻസ് ഗ്രാന്റ്- റോഡ് | 9769000 | 9769000 | - |
| C.F.C. ഗ്രാന്റ് (UnTied) | 7753749 | 4444234 | 3309515 |
| C.F.C. ഗ്രാന്റ് ( Tied) | 3780000 | 1891216 | 1888784 |
| ആകെ - | 36527196 | 30349443 | 6177753 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 36527196 രൂപയിൽ 30349443 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 6177753 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

മെയിന്റെനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് ഫണ്ടുകൾ ഒഴികെ മറ്റ് ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്. ഈ ഇനങ്ങളിൽ മാത്രം 5198299 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

തനത് ഫണ്ട് അപര്യാപ്തമായ പഞ്ചായത്തിൽ ലഭ്യമാവുന്ന വികസനഫണ്ട് പഞ്ചായത്തിന്റെ അനിവാര്യ വകയിരുത്തലുകൾ കഴിഞ്ഞാൽ മറ്റ് പ്രൊജക്ടുകൾക്ക് തുക വകയിരുത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല അംഗനവാടി പൂരകപോഷകാഹാരം, എസ്.എസ്.കെ മുതലായ അനിവാര്യ വകയിരുത്തലിന് ആവശ്യമായ തുക വകയിരുത്താൻ പോലും കഴിയാത്തത് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. ഈ ഒരവസ്ഥയിയിലാണ് വികസന ഫണ്ട് ജനറൽ, എസ്,സി.പി ടി.എസ്.പി ഇനങ്ങളിൽ ലഭ്യമായ തുകയിൽ 979454 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുള്ളത്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രൊജക്ടനിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 50 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 41 പ്രൊജക്ടുക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ, വി.ഇ.ഒ ഒഴികെയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങളുടെ മേഖലയിലുള്ള എല്ലാപ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ്.നമ്പർ 11/2018 /ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ച് വരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ തനത് ഫണ്ട് ജീവനക്കാരുടെ ശമ്പളം,മറ്റ് അനിവാര്യചെലവുകൾ എന്നിവക്ക് അപര്യാപ്തമാണെന്നിരിക്കെ ആയത് പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനത് ഫണ്ട് ചെറിയ തോതിലാണെങ്കിലും വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത പഞ്ചായത്തിൽ നിലനിൽക്കുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തിക്കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. അതേ പോലെതന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്ത് കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ യോഗ മിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗ മിനുട്സുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ

മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

കായണ്ണ ഗ്രാമപഞ്ചായത്ത് - തൊഴിലുറപ്പ് പദ്ധതി 2020-21

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21547 | 3428174 | 3449721 | 3397968 | 51753 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 86018643 | 86018643 | 86018643 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 13 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 4858 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3466 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2409 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1151 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 78.64 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 667 |
| വകയിരുത്തിയ തുക | 134878700 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 433 |

| | |
|---|---|
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 55969000 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 9856000 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | -- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 32,640 | 32 |
| കർഷക തൊഴിലാളി പെൻഷൻ | 78,27,100 | 420 |
| വിധവാ പെൻഷൻ | 90,97,700 | 495 |
| വാർദ്ധക്യകാല പെൻഷൻ | 1,36,47,300 | 925 |
| വികലാംഗ പെൻഷൻ | 29,54,000 | 210 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,16,400 | 21 |
| വിവാഹ ധനസഹായം | 30,000 | 1 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

കായണ്ണ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | മുകുന്ദൻ, കൂടത്താംപൊയിൽ, ചെറുക്കാട് | വാർദ്ധക്യകാല പെൻഷൻ | 08.06.2020 | 11.08.2020 |
| 2 | ജാനകി,ചീക്കപ്പറ്റ വടക്കചാലിൽ,മാട്ടനോട് | | 16.11.2020 | 16.01.2020 |
| 3 | വത്സമ്മ,മഠത്തിൽ, മാട്ടനോട് | | 23.01.2021 | 06.05.2021 |
| 4 | നഫീസ,കാപ്പുമ്മൽ, ചെറുക്കാട് | | 25.01.2021 | 02.06.2021 |
| 5 | ചന്ദ്രൻ,നടുക്കണ്ടിമീത്തൽ, മാട്ടനോട് | | 28.01.2021 | 06.05.2021 |
| 6 | സുജാത,കായണ്ണ ബസാർ | വിധവ പെൻഷൻ | 19.11.2020 | 16.01.2021 |
| 7 | സക്കീന,ചിറപ്പുറത്ത്, കായണ്ണ ബസാർ | | 09.02.2021 | 06.05.2021 |
| 8 | അനിത,കണ്ണംപാറ, ചെറുക്കാട് | | 11.02.2021 | 06.05.2021 |
| 9 | ഉഷ, കുരിക്കൽകൊല്ലി, കായണ്ണ ബസാർ | | 10.03.2021 | 02.06.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ അപേക്ഷകളിൽ 40 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,615 രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 1-7-21 ലെ എ1/521/21 നമ്പർ ഉത്തരവു പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ച കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. ഓഡിറ്റ് വർഷത്തിൽ 4 മീറ്റിങ്ങുകൾ മാത്രമാണ് ചേർന്നിരിക്കുന്നത്. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ സാമ്പത്തിക വർഷത്തിൽ കൃത്യത പാലിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ പലപ്പോഴും വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതത് ദിവസംതന്നെ കൈമാറുന്നുണ്ടെന്നും തപാലുകളിൽ യഥാസമയം നടപടികൾ കൈകൊള്ളുന്നുണ്ടെന്നും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് ചില മാസങ്ങളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകളിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററൊഴികെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻക്യുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 2000-2001 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി ഒട്ടനവധി പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാർ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 4 ക്ലർക്ക്, 2 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല

എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും ,ആയതുകൊണ്ടുതന്നെപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 2000-2001 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 158 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ കൈകൊണ്ടിട്ടുള്ളതായി ഹെഡ് ക്ലർക്ക് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദവിവരം ലഭ്യമല്ല. 2017-18, 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ മൂന്ന് റിപ്പോർട്ടുകൾക്കും നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ റിപ്പോർട്ടുകളിലും അനന്തര റിപ്പോർട്ടുകൾ പുറപ്പെടുവിക്കേണ്ടിവന്നിട്ടുണ്ട്. റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു വർഷത്തിന് ശേഷമാണ് മിക്ക റിപ്പോർട്ടുകളിലും മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഉദാ-2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് 29.1.2019 ൽ പഞ്ചായത്തിൽ ലഭ്യമാവുകയും മറുപടി ലഭിക്കാത്തതിനാൽ 28.8.19 അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തു. ആയതിന് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാവുന്നത് 17.1.22 ൽ മാത്രമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി ലഭ്യമാവാത്തതും സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും വാഗ്ദാനങ്ങൾ മാത്രമാകുന്നതും പ്രഥമറുപടിക്കുശേഷം റിപ്പോർട്ടുകളിൻമേൽ തുടർ നടപടികളില്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 അനധികൃത നിർമ്മാണ നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല

അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട കെട്ടിട നിർമ്മാണ പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനം ഇല്ല. ഈ സാഹചര്യത്തിൽ മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ സ്ഥാപനം ആഭ്യന്തര സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പെർമിറ്റ് കാലാവധി കഴിഞ്ഞതും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ ഉടമകളെ യഥാസമയം കണ്ടെത്തി നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. 2020-21 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് ഫീയായി 75917/-രൂപയും കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീയായി 45645/-രൂപയും ഈടാക്കിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ അബ്സ്ട്രാക്റ്റ് കൃത്യത സെക്രട്ടറി സാക്ഷ്യപ്പെടുത്തിടിട്ടില്ല. എന്നാൽ ക്രമവൽക്കരിച്ച കെട്ടിടങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാവുന്ന രീതിയിലല്ല പെർമിറ്റ് രജിസ്റ്റർ സൂക്ഷിച്ചു പോരുന്നത്. ക്രമവൽക്കരണ രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഈടാക്കിയ ക്രമവൽക്കരണ ഫീ പെർമിറ്റ് ഫീയുമായി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ കൂടുതലായി നടക്കുന്നു എന്ന് മനസിലാവുന്നു. എന്നാൽ സഞ്ചയ പ്രകാരം ആകെ 1 അനധികൃത നിർമ്മാണം മാത്രമാണുള്ളത്. തൻ വർഷത്തിൽ

നിരസിക്കുകയോ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനായി തിരിച്ച് നൽകുകയോ ചെയ്യുകയും പെർമിറ്റ് അനുവദിക്കാതിരിക്കുകയും നടപടി എടുക്കാതിരിക്കുകയോ ചെയ്ത അപേക്ഷകൾ തുടർന്നുള്ള സാമ്പത്തിക വർഷത്തെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ തന്നെ ഈ അപേക്ഷകളിലെ തുടർ നടപടികൾ എന്തായി എന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നില്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനം നിരീക്ഷണ-പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വാർഡ് ചുമതലയുള്ള ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും നിയമ നടപടി സ്വീകരിക്കേണ്ടതും രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സൂപ്പർവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരം മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നാളിതുവരെ പഞ്ചായത്ത് പുതുക്കി നിശ്ചയിച്ചിട്ടില്ല. നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി നികുതി പരിഷ്കരിക്കേണ്ടതുമാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ട്രേഡേഴ്സ് ലിസ്റ്റ് വിശദ പരിശോധന നടത്തി തയ്യാറാക്കാത്തത് സംബന്ധിച്ചും ലിസ്റ്റ് കാലികമാക്കാത്തത് സംബന്ധിച്ചും വിശദമായി പരാമർശിക്കുകയും ആയത് കാലികമാക്കേണ്ടതാണണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിന് സെക്ഷൻ ക്ലാർക്കിനേയും വാർഡ് ക്ലാർക്കുമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമ മറുപടി പഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് പിരീഡ് വരെയും ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് ഓഡിറ്റിനായി ലഭ്യമാക്കിയ 2019-20 ലെ സെക്രട്ടറി ആധികാരികമാക്കാത്ത ട്രേഡേഴ്സ് രജിസ്റ്ററിൽ 188 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവയിൽ 2019-20 ൽ 169 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 2020-21 ൽ ആകെ 142 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ മുഴുവൻ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. സഞ്ചയ പ്രകാരം പഞ്ചായത്തിൽ 734 വാണിജ്യ കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 155 കെട്ടിടങ്ങളിൽ 142 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത് എന്നതിൽ പഞ്ചായത്ത് കൃത്യമായ നടപടി സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ വിശദ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 എഫ്.ടി.ഇ.&.ഒ ലൈസൻസ് അപാകതകൾ

പഞ്ചായത്തിലെ എഫ്.ടി.ഇ.&.ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മുഴുവൻ സ്ഥാപനങ്ങളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല.

സഞ്ചയ പ്രകാരം 2020-21 ൽ 734 വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരിക്കെ 2020-21 വർഷം 155 കെട്ടിടങ്ങളിലായി ആകെ 142 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടിള്ളു. ബാക്കിയുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയ ട്രേഡേഴ്സ് രജിസ്റ്റർ 2019-20 (സെക്രട്ടറി ആധികാരികമാക്കിയിട്ടില്ല) പ്രകാരം 188 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. എന്നാൽ ഇതിലെ മുഴുവൻ സ്ഥാപനങ്ങളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

3) ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട നമ്പർ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് നം. 37, 43, 54, 70, 87, 102 മുതൽ 105 വരെ, 134, 140, 145 എന്നിവയിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നമ്പർ പരിശോധിച്ച് വ്യക്തത വരുത്തി ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. ഇത് അനധികൃത കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

4) ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 142 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. പഞ്ചായത്തിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപെട്ടു. ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട നമ്പർ പരിശോധിച്ച് ഉറപ്പ് വരുത്താതെ തെറ്റായ കെട്ടിടത്തിൽ ലൈസൻസ് നൽകി. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | ലൈസൻസ് നം | രജിസ്റ്ററിലെ കെട്ടിട നം | സഞ്ജയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | ലൈസൻസ് നൽകിയിരിക്കുന്ന ഉപയോഗം |
|---|---|---|---|---|
| 1 | 4 | 9/271 A | വീട് | ഫർണിച്ചർ വില്പന |
| 2 | 10 | 6/203 | വീട് | സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് |
| 3 | 11 | 6/157A | കെട്ടിട നമ്പർ നിലവിലില്ല | സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് |
| 4 | 32 | 2/264 | വീട് | വീട്ടുപകരണ വില്പന |
| 5 | 47 | 12/247A | കെട്ടിട നമ്പർ നിലവിലില്ല | പലചരക്ക് കട |
| 6 | 50 | 1/198 | വീട് | സ്റ്റേഷണറി കട |

| | | | | |
|---|---|---|---|---|
| 7 | 57 | 11/338 | കെട്ടിട നമ്പർ നിലവിലില്ല | ഇംഗ്ലീഷ് മരുന്ന് ഷാപ്പ് |
| 8 | 66 | 12/93 | ആരാധനാലയം | മാവേലി സ്റ്റോർ |
| 9 | 142 | 7/177 | ഇതര വ്യവസായം | ഔഷധശാല |

ഗ്രാമപഞ്ചായത്തിൽ വീട്, ആരാധനാലയം, വ്യാവസായികം എന്നീ ഗണങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായോ അനധികൃത കെട്ടിടത്തിൽ തെറ്റായ കെട്ടിട നമ്പർ ഉപയോഗിച്ച് സ്ഥാപനം പ്രവർത്തിക്കുന്നതായോ, അതോ തെറ്റായി കെട്ടിട നമ്പർ രേഖപ്പെടുത്തി ലൈസൻസ് കരസ്ഥമാക്കുന്നതായോ ഇതിൽ നിന്നും വ്യക്തമാവുന്നു. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും നിലവിലില്ലാത്ത കെട്ടിടത്തിൽ ലൈസൻസ് അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിന്റെ അഭാവം വ്യക്തമാണ്.

5) എല്ലാ ലൈസൻസ് അപേക്ഷയിലും അന്വേഷണ റിപ്പോർട്ട് ഇല്ല.

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്നതായി കാണുന്നു. ലൈസൻസ് ഫീ മുൻകൂറായി അടവാക്കുന്ന അപേക്ഷയിൽ അന്വേഷണ റിപ്പോർട്ട് ഇല്ല. എല്ലാ ലൈസൻസികൾക്കും ലൈസൻസ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ടതും ലൈസൻസുകാരൻ തന്റെ പേരും ലൈസൻസ് നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു ബോർഡ് എല്ലാവരും കാണത്തക്കരീതിയിൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ് (കേ.പ.രാജ്, എഫ്.ടി.ഇ&ഒ ചട്ടം 24ൽ 6 പ്രകാരം) . എന്നാൽ ലൈസൻസ് ഫീ അടവാക്കിയ എല്ലാവർക്കും ലൈസൻസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയോ ലൈസൻസ് വിവരങ്ങൾ സ്ഥാപനത്തിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ ഫീൽഡ് പരിശോധനയിലൂടെ പഞ്ചായത്തിലെ എല്ലാ വാണിജ്യ കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ ഫീൽഡ്/സഞ്ചയ പരിശോധന നടത്തി എന്ന് സൂപ്പർവൈസറി ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് നൽകേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി അപാകതകൾ

പഞ്ചായത്തിലെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത സംബന്ധിച്ച് 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-12 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല എന്ന് പഞ്ചായത്തിലെ 2020-21 വർഷ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു.

1). പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ

പട്ടികയിൽ കൊടുത്ത പ്രകാരം ജീവനക്കാർ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തി നൽകിയിട്ടും മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ലൈസൻസ് നം | സ്ഥാപനം | ജീവനക്കാർ |
|---|---|---|
| 21 | ഫ്രണ്ട്സ് ഹോട്ടൽ | 8 |
| 101 | എ വൺ ബേക്കറി | 4 |
| 140 | കരിങ്കൽ ക്വാറി | 6 |
| 142 | സിദ്ധാശ്രമം ശിവാനന്ദ വിജയം ഔഷധശാല | 5 |

2) പഞ്ചായത്തിൽ 142 സ്ഥാപനങ്ങൽക്ക് 2020-21ൽ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 89 സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. മുൻ വർഷം 119 കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നു. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയോ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയോ എന്ന് സ്ഥാപനം ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല.

3) കൂടാതെ പഞ്ചായത്തിൽ 2020-21 വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുകയും വരുമാനമാർജിക്കുകയും ചെയ്ത കരാറുകാർ, എം.ജി.എൻ.ആർ.ഇ.ജി.എ പ്രവർത്തികൾക്കായി 2020-21 കാലയളവിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്യുകയും വരുമാനമാർജിക്കുകയും ചെയ്ത കരാറുകാർ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ഇതിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

അപാകത പരിഹരിക്കുന്നതിനായി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം വിശദമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ കച്ചവടക്കാർക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവനാളുകളെയും ഡിമാന്റ് ചെയ്ത് നികുതി ഈടാക്കേണ്ടതും ഇത് സംബന്ധിച്ച പുരോഗതിയുടെ വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. .

## 1-16 ലേലം സംബന്ധിച്ച അപാകതകൾ

ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ കൊടുത്ത സ്ഥലങ്ങളിലെ മേലാദായം 2016-17ന് ശേഷം ലേലം ചെയ്തിട്ടില്ല.

| | |
|---|---|
| 1 | കായണ്ണ ആയുർവേദ ആശുപത്രിയിലെ തെങ്ങുകളിലെ മേലാദായം |
| 2 | കൂടത്താംപൊയിൽ ' സുഭിക്ഷ ' ഉൽപ്പാദന സ്ഥലത്തെ തെങ്ങുകളിലെ മേലാദായം |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രമുള്ള പഞ്ചായത്തായിരുന്നിട്ടും മേൽ വരുമാന മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (03/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ-വാങ്ങിയ ഫർണീച്ചർ സ്ഥാപനങ്ങൾക്ക് കൈമാറിയതിന് രേഖകളില്ല

സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ രണ്ട് പ്രൊജക്ടുകളിലായി ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങി നൽകുന്നതിനായി സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 8/21. ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ. | 22000 | 21809 (ബിൽ നമ്പർ 43/29.3.21) | സിഡ്കോ മുഖേന 2 കമ്പ്യൂട്ടർ ടേബിൾ, ഹാർഡ് വുഡ് ചെയർ 1 എന്നിവ വാങ്ങി ആയത് സ്റ്റോക്കിലെടുത്ത് ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെ രേഖകളില്ല. |
| 108/21ഘടക സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ. | 108192 | 108192 (ബിൽ നമ്പർ 1/20-21 തി 20.4.20) | സിഡ്കോ മുഖേന പ്രീ ലാമിനേറ്റഡ് ബോർഡ് ടേബിൾ-7 എണ്ണം, Steel Cabinet .1, Steel Cabinet With Glass Door-1 എന്നിവ വാങ്ങി. ആയത് സ്റ്റോക്കിലെടുത്ത് ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെ രേഖകളില്ല. |

മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്ത് ഘടക സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി. കെൽട്രോണിൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല

ഗ്രാമപഞ്ചായത്തിന്റെയും, പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കെൽട്രോണുമായി കരാറിലേർപ്പെടുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രൊജക്ടുകൾ പ്രകാരം താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 132/21 ഘടക | 39058 | 39058(ബിൽ | വിവിധ ഘടക |

| | | | |
|---|---|---|---|
| സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി (സ്പിൽ ഓവർ) | | നമ്പർ 8/20-21 തി 29.6.21) | സ്ഥാപനങ്ങളിലെ 9 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി കൾക്ക് അടവാക്കിയ തുക. |
| 4/21 ഗ്രാമപഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി | 46250 | 46138 (Order No 245/26.3.21) | 5546 രൂപ ഫോട്ടോസ്റ്റാറ്റ് മെഷീൻ എ.എം.സി തുക Excel Businus System എന്ന സ്ഥാപനത്തിൽ അടവാക്കി, 20287 രൂപ സെർവർ കമ്പ്യൂട്ടർ എ.എം.സി., 19765 രൂപ പഞ്ചായത്തിന്റെ 8 കമ്പ്യൂട്ടറുകൾക്ക് എ.എം.സി.(രണ്ടും കെൽട്രോണിൽ അടവാക്കി ) |

പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1. പഞ്ചായത്തിന്റെയും, ഘടക സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറുകൾക്കും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾക്കും സാമ്പത്തിക വർഷത്തിൽ എ.എം.സി.നൽകിയപ്പോൾ ഉപകരണങ്ങളുടെ വാറന്റി പിരീഡ് ഉൾപ്പെടെ രേഖപ്പെടുത്തിയ എ.എം.സി.രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എ.എം.സി വെച്ചിരിക്കുന്ന ഉപകരണങ്ങളുടെ എല്ലാം വാറണ്ടി പിരീഡ് അവസാനിച്ചതാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിയ ഘടക സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി എന്ന പ്രൊജക്ട് പ്രകാരം തുക കെൽട്രോണിൽ അടവാക്കിയപ്പോൾ കെൽട്രോണുമായി ഏർപ്പെട്ട കരാറുടമ്പടി പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. കെൽട്രോൺ സമർപ്പിച്ച എ.എം.സി പ്രപോസലിൽ കരാറിൽ ഏർപ്പെട്ട് ഒരു വർഷം A.M.C. എന്ന് രേഖപ്പെടുത്തിയതല്ലാതെ കരാറുടമ്പടി ലഭ്യമല്ലാത്തതിനാൽ കാലാവധി വ്യക്തമല്ല.
3. ഗ്രാമപഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് എ.എം.സി ( പ്രോജക്ട് 4/21) പ്രകാരം അടവാക്കിയ തുകയിൽ 19765 രൂപ പഞ്ചായത്തിന്റെ 8 കമ്പ്യൂട്ടറുകളുടെ A.M.C.ചാർജായാണ് അടവാക്കിയത്. ആയതുമായി ബന്ധപ്പെട്ട് കെൽട്രോണുമായി ഏർപ്പെട്ട കരാറുടമ്പടി പരിശോധിച്ചതിൽ A.M.C. പിരീഡ് 31.3.21 മുതൽ 18.6.21 എന്നാണ് രേഖപ്പെടുത്തിയത്. വെറും രണ്ടരമാസത്തെ A.M.C. ചാർജായാണ് 19765 രൂപ അടവാക്കിയിരിക്കുന്നത്. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

### 1-19 മുണ്ടുവയൽ ,കുട്ടിക്കണ്ടി റോഡ് -ഇറിഗേഷൻ വകുപ്പിൽ ഡപോസിറ്റ് ചെയ്തതുക നാളിതുവരെ ചെലവഴിക്കപ്പെട്ടില്ല

പ്രൊജക്ട് നമ്പർ- 133/21&166/21

ചെലവുതുക- 539560 (ബിൽ നമ്പർ- 44/29.3.21&45/29.3.21)

മുണ്ടുവയൽ കുട്ടിക്കണ്ടി കനാൽ പാർശ്വഭിത്തി കെട്ടി കോൺക്രീറ്റ് ചെയ്ത് സംരക്ഷിച്ച് കനാൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് വേണ്ടി ഇറിഗേഷൻ വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യാൻ വേണ്ടിയാണ് പ്രോജക്ട്. മേൽ പ്രവൃത്തിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 600440 രൂപ 18.3.17ന് പഞ്ചായത്ത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയതിന്റെ ബാക്കി തുക അടവാക്കുന്നതിന് 2019-20 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ 500000 രൂപ സ്പിൽ ഓവർ പ്രൊജക്ടായും, അവശേഷിക്കുന്ന 39560 രൂപ ഓഡിറ്റ് വർഷം പുതിയ പ്രൊജക്ടു വെച്ചും ആണ് അടവാക്കിയിട്ടുള്ളത്. കുറ്റ്യാടി ഇറിഗേഷൻ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 27.3.20 ന് പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് 1140000 രൂപ ചെലവുവരുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2016-17 ൽ അടവാക്കിയ തുക കഴിച്ച് അവശേഷിച്ച തുക മേൽ പറഞ്ഞപ്രകാരം അടവാക്കിയിട്ടുള്ളത്. കത്തിനോടൊപ്പം പ്രവൃത്തിയുടെ എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാവാതെ 2016-17 സാമ്പത്തിക വർഷത്തിൽ 600440 രൂപ അടവാക്കിയത് എന്ത് അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാക്കിയിട്ടില്ല.
2. സ.ഉ നമ്പർ 11/18-ത.സ്വ.ഭ.വ. തിയ്യതി 29.1.2018 ഖണ്ഡിക 11 (ഡി)പ്രകാരം K.S.E.B, വാട്ടർ അതോറിറ്റി എന്നിവ ഒഴികെയുള്ള വകുപ്പുകളിൽ പ്രവർത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ അനുമതി ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക പ്രകാരം തുക ഡപോസിറ്റ് ചെയ്യുന്നതിന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.അത്തരത്തിലൊരു കരാറിൽ നിർവഹണ ഏജൻസിയുമായി ഏർപ്പെട്ട കരാറുടമ്പടി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
4. പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനത്തിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിലും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും ചെലവുതുക 539560 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്ന് യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നും വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ചില പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ഉദാഹരണമായി കായണ്ണ ബസാർ നമ്പ്രാംകുന്ന് കൈതക്കുളങ്ങര റോഡ്എന്ന പദ്ധതി (52/20-21) (എം ബുക്ക് - 12/20-21) , 6.2.21 ന് പൂർത്തിയാക്കിയതായി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടന്ന പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ആയതിന് ശേഷം 9.2.21 (2/1)തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരമാണ്.

ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യതയോടെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 113/20-21 |
| പ്രോജക്ട് | കാരക്കുളങ്ങരച്ചാലിൽ മണ്ണോപ്പാററോഡ് (So) |
| ഫണ്ട് | മെ.ഫണ്ട്(നോൺറോഡ്) |
| ബിൽ നമ്പർ, തിയ്യതി ,തുക | 1/. 19.4.2020. 206775രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 9.10.2019 |
| കരാറുകാരൻ | ഷിബു.കെ |
| കരാർ നമ്പർ ,തിയ്യതി | എഇ/27/19-20 തിയ്യതി 11.11.19 |
| പി.എ.സി തുക | 259972രൂപ |
| ഈടാക്കേണ്ട പിഴ | 2599രൂപ |
| പ്രോജക്ട് നമ്പര് | 88/21 |
| പ്രോജക്ട് | കോരമംഗലം കുടിവെള്ളപദ്ധതി നവീകരണം |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ, തിയ്യതി ,തുക | 33/25.11.20. 197743 |
| സെലക്ഷൻ നോട്ടീസ് തിയ്യതി,കരാറുകാരൻ | 10.8.20,അഷറഫ്.കെ.കെ |
| കരാർ നമ്പർ ,തിയ്യതി | AE/30/LSGD/KYN/20-21 /22.9.20 |
| പി.എ.സി തുക | 178435 |
| ഈടാക്കേണ്ട പിഴ | 1784 |
| ആകെ | 4383 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. 4383 രൂപ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

കായണ്ണ ഗ്രാമപഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു.

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | പി.എ. സി തുക | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 147/20-21(s.o) കായണ്ണ പി.എച്ച്.സി യിൽ പൊതു ശൂചിത്വ സമുച്ചയം | 187590 കേന്ദ്രാവിഷ്കൃത ഫണ്ട് ബിൽനം.109/ 5.10.20. | അത്തോളി ലേബർ കോൺട്രാക്റ്റ് കോ.ഓപ് സൊസൈറ്റി AE/18/lsgd /kyn/19-20 Dtd.24.10.19 | 6.മാസം 24.10.19 | 27.8.20 M B0ok.21 /19-20 | 677509 രൂപയുടെ 3% | 677509 | 20325 |

മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റോഡ് കോൺക്രീറ്റ് സ്പെസിഫിക്കേഷൻ ക്രമപ്രകാരമല്ല

കായണ്ണ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത്

മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. 20-21 ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 93/21 | ചെവിടൻ കുളങ്ങര പള്ളിക്കുന്ന് റോഡ് | 300020/-ധനകാര്യകമ്മീഷൻ അവാർഡ്<br>199498/- മെയിന്റൻസ് ഫണ്ട് റോഡ് | 499517 |
| 56/21 | ആറങ്ങോട്ട് കാവ് ഊളേരി റോഡ് | 499497/- മെയിന്റൻസ് ഫണ്ട്(റോഡ്) | 499497/ |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6-ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

1-24 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ ഇരുപത്താറോളം പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസി. എഞ്ചിനീയറുടെ പേരിൽ (അക്കൗണ്ട് നം. 67393915922, S.B.I.പേരാമ്പ്ര) അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൌണ്ടിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ തുക വരവു വന്നതായി കാണുന്നില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഇ-ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

## 1-25 അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രേഖകൾ ഹാജരാക്കാത്തവർക്കും കട്ടിൽ നൽകി

| | |
|---|---|
| പ്രൊജക്റ്റ് | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ-പ്രൊജക്റ്റ് നം.21/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി)- 178350/- |
| ചെലവ് | 1,69,650/-<br>ബിൽനം.20170952003201221735/10.03.2021 /1,69,650/- |

മേൽ പദ്ധതിയിൽ 39 കട്ടിലുകൾ വാങ്ങിയ വകയിൽ 1,69,650/-രൂപ സിഡ്കോ-യ്ക്ക് നൽകി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെകൊടുക്കുന്നു

1. ഭരണസമിതിയുടെ 28.10.2020-ലെ 3/1 തീരുമാനപ്രകാരമാണ് പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്. എന്നാൽ അംഗീകരിച്ച ലിസ്റ്റിൽപ്പെടാത്ത 5 പേർക്ക് കട്ടിൽ വിതരണം ചെയ്തതായി വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. 14.02.2021-ന് നടന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ ഈ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നുണ്ടെങ്കിലും ഭരണസമിതി ഈ തീരുമാനം അംഗീകരിച്ചിട്ടില്ല. വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| 1 | ശ്രീമതി.കല്യാണി കുന്നുമ്മൽ |
| 2 | ശ്രീമതി .പറായി കോക്കുന്നുമ്മൽ |
| 3 | ശ്രീമതി .ജാനു താനികുഴിയിൽ |
| 4 | ശ്രീമതി .കല്ല്യാണി കല്ലങ്ങൽ മീത്തൽ |
| 5 | ശ്രീമതി .ലീല ഗോപാലൻ ,ചെമ്പ്ര നടുപ്പറമ്പിൽ |

2. പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ആരുടെയും അപേക്ഷ ഫയലിൽ ലഭ്യമല്ല

ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം ലഭിച്ച ആരുടെയും അപേക്ഷ ഫയലിൽ ലഭ്യമല്ലായെന്ന് കാണുന്നു. ചില ഗുണഭോക്താക്കളുടെ ആധാർകാർഡ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാണെങ്കിലും ആനുകൂല്യം കൈപ്പറ്റിയവരിൽ 13 പേരുടെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ആയതിനാൽ അവരുടെ ആനുകൂല്യത്തിനുള്ള അർഹത എങ്ങനെ ഉറപ്പുവരുത്തിയെന്ന് വ്യക്തമല്ല.

3. കട്ടിലുകൾ മുഴുവനും വിതരണം ചെയ്തില്ല

38 ഗുണഭോക്താക്കളുടെ പേര് എഴുതിയ വിതരണരജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അതിൽ 18 പേരെ കട്ടിൽ കൈപ്പറ്റിയതായി ഒപ്പുവെച്ചിട്ടുള്ളൂ. ബാക്കിയുള്ള 20 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടില്ലായെന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നത്. കൂടാതെ 39ാമത്തെ ഗുണഭോക്താവ് ആരാണെന്നും വ്യക്തമല്ല. 38 ഗുണഭോക്താക്കൾക്ക് കട്ടിൽ നല്കിയെങ്കിലും

മുഴുവൻ പേരിൽ നിന്നും കൈപ്പറ്റിയതിന് ഒപ്പുവാങ്ങിക്കുവാൻ വിട്ടുപോയി എന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിട്ടുള്ളത്. കട്ടിൽ കൈപ്പറ്റിയ 38 ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആവശ്യമില്ലാതെ വാങ്ങി വിതരണം ചെയ്യാത്ത ഒരു കട്ടിലിന്റെ വിലയായ 4350/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

കട്ടിൽ നൽകലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വിതരണം ചെയ്തതിലും നിർവ്വഹണഉദ്യോഗസ്ഥന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (20/2020-21/ 20.05.2022) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമില്ലാതെ വാങ്ങിയ ഒരു കട്ടിലിന്റെ വിലയായ 4,350/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാലും വിതരണവിവരം പൂർണ്ണമല്ലാത്തതിനാലും പദ്ധതിയിൽ ചെലഴിച്ച ബാക്കി തുക 1,65,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുടർന്നും രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകൾ ലഭ്യമല്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്റ്റ്.നം. 82/2020-21) 19 ഗുണഭോക്താക്കൾക്കായി 2,37,500/- രൂപ 20.02.2021 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-27 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 20-21 സംക്ഷിപ്തം പ്രകാരം 8,29,569/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൌണ്ടുകളിലായി 2014-15 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 1-28 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ പ്രകാരം വിതരണംചെയ്ത വിത്തുകൾ, തൈകൾ എന്നിവയുടെ വിതരണവിവരം ലഭ്യമല്ല.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങി വിതരണം ചെയ്ത വിത്തുകൾ, തൈകൾ എന്നിവയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 99/21-സുഫലം വിഷരഹിത ഫലം | 408000 | 408000 (ബിൽ നമ്പർ 14/27.2.21 | V.F.P.C.K മുഖേന വാങ്ങിയ 3000 ഫലവൃക്ഷതൈ കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ , ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഇല്ല |
| 141/21- തെങ്ങിൻ തൈ വിതര ണം | 279200 | 279200. (ബിൽ നമ്പർ 8/20 തി | ഹരിതമോഡൽ ആഗ്രോ സർവീസ് സെന്റർ മുഖേന വാങ്ങിയ 2792 തൈകൾ വിതരണംചെയ്തു. |

| | | | |
|---|---|---|---|
| | | 30.3.21) | ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. |

മേൽ പ്രോജക്ടുപ്രകാരം വിതരണം ചെയ്ത ഫലവൃക്ഷ തൈ കിറ്റുകളുടെ വിതരണ വിവരം രണ്ട് പ്രൊജക്ടുകളുടെയും ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 ധനസഹായം ലഭിച്ച് മൂന്ന് വർഷത്തോളമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 2019-20 വർഷം മൂന്നാം ഗഡുവടക്കം ആകെ 3,00000/- രൂപ വീതം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കുകയോ നൽകിയ തുകയ്ക്ക് അനുസൃതമായി പ്രവൃത്തി നടത്തുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം ഗുണഭോക്താവ് ഒന്നാംഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതും അനുവദിച്ച സാമ്പത്തിക സഹായം ഭവനനിർമ്മാണത്തിന് വിനിയോഗിക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/നിലവിലെ അവസ്ഥ |
|---|---|---|
| 1 | ശ്രീമതി രാധ,ഏലംപൊയിൽ മീത്തൽ | ഒന്നാം ഗഡു-40,000/-<br>രണ്ടാം ഗഡു-1,00000/27.08.19<br>മൂന്നാം ഗഡു-60,000/-<br>നാലാം ഗഡു-1,00000/21.06.19<br>ലിന്റൽ മുകളിൽ മൂന്ന് വരി കട്ട കെട്ടിയിട്ടുണ്ട് |
| 2 | ശ്രീമതി ഷൈനി ആലിൻ ചുവട്ടിൽ | ഒന്നാം ഗഡു-40,000/-<br>രണ്ടാം ഗഡു-1,60,000/30.08.19<br>മൂന്നാം ഗഡു-1,00,000/28.11.19<br>ലിന്റൽ വരെ പൂർത്തിയായി |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് മേൽക്കൂര വാർക്കുന്നതിന് തുക അനുവദിച്ച് മൂന്ന് വർഷത്തോളമായിട്ടും പ്രവൃത്തി നടത്തിയിട്ടില്ല. മേൽ പരാമർശിച്ച ഗുണഭോക്താക്കൾ യഥാസമയം ഭവനനിർമ്മാണം പൂർത്തിയാക്കാത്തതു സംബന്ധിച്ചും ഇക്കാര്യത്തിൽ നിർവ്വഹണഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനും നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 19/2020-21 /20.05.2022) മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്ന് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാത്ത പക്ഷം സ.ഉ(കൈ) 34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം നൽകിയ സാമ്പത്തിക സഹായം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കിയില്ല

1)

| | |
|---|---|
| പ്രൊജക്ട് | ലൈഫ് രണ്ടാം ഘട്ടം- (പട്ടിക ജാതി)-പ്രൊജക്ട് നം.44/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി)- 5,30,000/- |

| | |
|---|---|
| | സംസ്ഥാനാവിഷ്കൃതഫണ്ട്-25,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-34,85000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-34,85000/-<br>ആകെ-10000000/- |
| ചെലവ് | 7,60,000/-<br>ബിൽനം.02/18.06.2020/40,000/-<br>03/07.07.2020/1,00000/-<br>05/28.07.2020/1,60,000/-<br>06/26.08.2020/1,00000/-<br>07/22.09.2020/1,30,000/-<br>10/08.10.2020/1,00000/-<br>12/23.10.2020/1,30,000/- |

2)

| | |
|---|---|
| പ്രൊജക്റ്റ് | ലൈഫ് ഭവനരഹിതർക്ക് വീട്- (പട്ടിക ജാതി)-പ്രൊജക്റ്റ് നം.43/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 3,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-2,00000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-11,00000/-<br>ആകെ-1600000/- |
| ചെലവ് | 9,36,000/-<br>ബിൽനം.<br>01/18.06.2020/1,000000/-<br>04/16.07.2020/1,00000/-<br>11/16.10.2020/3,00000/-<br>13/08.01.2021/2,00000/-<br>16/12.02.2021/76,000/-<br>18/30.03.2021/1,60,000/- |

3)

| | |
|---|---|
| പ്രൊജക്റ്റ് | ലൈഫ് ഭവനപദ്ധതി-മൂന്നാം ഘട്ടം(ജനറൽ)-പ്രൊജക്റ്റ് നം.49/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 1,00000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-4,50,000/-<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം-6,25,000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-6,25,000/-<br>ആകെ-18,00000/- |

| | |
|---|---|
| ചെലവ് | 7,20,000/-<br>ബിൽ നം.<br>08/22.09.2020/4,0000/-<br>09/07.10.2020/80,000/-<br>14/19.01.2021/1,00000/-<br>15/19.01.2021/1,00000/-<br>17/12.02.2021/40,000/- |

പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

എ) ലൈഫ് ഭവന പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1. ഒന്നാമത്തെ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ശ്രീമതി വിദ്യ കെ.കെ,ചെവിടൻ കുളങ്ങര,ദാമോദരൻ അമ്പായം കണ്ടത്തിൽ എന്നിവരുടെ
2. രണ്ടാമത്തെ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ശ്രീമതി. നജിമ പുത്തൻവീട്ടിൽ, ശ്രീ.അശോകൻ, ശ്രീമതി ലീല എന്നിവരുടെ
3. രണ്ടാമത്തെയും മൂന്നാമത്തെയും പദ്ധതികളിൽ ആനുകൂല്യം ലഭിച്ച ശ്രീമതി വസുമതി ,ഈട്ടിക്കൽ, ശ്രീമതി ബിന്ദു ,ലക്ഷം വീട് എന്നിവരുടെ
4. മൂന്നാമത്തെ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച സൂസമ്മ,നെല്ലിക്കൽ എന്നീ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകളാണ് ഓഡിറ്റിന് ഹാജരാക്കാത്തത്.

സ.ഉ(കൈ) 34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം ധനസഹായം അനുവദിക്കുന്നതിനും ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെടേണ്ടതാണ്. പദ്ധതിയിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഏർപ്പെട്ട കരാർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ വീടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഗുണഭോക്താവ് റിപ്പോർട്ട് ചെയ്യേണ്ടതും അത് സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും തുടർഗഡു അനുവദിക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയും അടങ്ങുന്ന സ്റ്റേജ് റിപ്പോർട്ട് വയ്ക്കേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ മിക്ക സ്റ്റേജ് സർട്ടിഫിക്കറ്റിലും വീടിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് പറയുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന റിപ്പോർട്ടിൽ ഒപ്പുവെച്ചിട്ടുമില്ല. കൂടാതെ ഭവന രജിസ്റ്ററിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയതിന് ഗുണഭോക്താക്കൾ ഒപ്പാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ വിരലടയാളമാണ് സ്റ്റേജ് റിപ്പോർട്ടിൽ കാണുന്നത്. ഗുണഭോക്താവിന്റെ പേര് ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ സാധുതയില്ലാത്ത സ്റ്റേജ് റിപ്പോർട്ടാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളോ നിർമ്മാണം പൂർത്തീകരിച്ച വീടിന്റെ ഫോട്ടോയോ പരിശോധനയ്ക്ക് ലഭ്യമാക്കയില്ല. ആനുകൂല്യം ട്രാൻസ്ഫർ ചെയ്യേണ്ട ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ തുക കൈമാറിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാനും സാധിക്കുന്നില്ല. ഈ വിവരം ഭവന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ വീട് നിർമ്മാണത്തിന് സെക്രട്ടറി കെട്ടിടനിർമ്മാണപെർമ്മിറ്റ് അനുവദിക്കേണ്ടതും കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഉടമ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ച് ആയതിൻ മേൽ സെക്രട്ടറി ഒക്യുപെൻസി സാക്ഷ്യപത്രവും കെട്ടിട നമ്പറും അനുവദിക്കേണ്ടതാണ്. എന്നാൽ ഈ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

ബി) ഭവന രഹിതർക്ക് വീട് എന്ന രണ്ടാമത്തെ പദ്ധതിയിൽ ശ്രീ.അശോകൻ, ശ്രീമതി ലീല എന്നിവർക്ക് യഥാക്രമം 33,000/-രൂപയും 43,000/-രൂപയും 16ാംമത്തെ ബിൽ പ്രകാരം നൽകിയെങ്കിലും

അവർക്ക് തുക നൽകിയതിന് ആധാരമായ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ ഈ ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടതായും കാണുന്നില്ല.

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (18/2020-21/ 20.05.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുക 24,16,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുടർന്നും രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകൾ ലഭ്യമല്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-31 കേരള വാട്ടർ അതോറിറ്റി കുടിവെള്ളക്കരം അടവാക്കൽ-സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം യഥാസമയംവെള്ളക്കരം കുറവ് ചെയ്തില്ല

പ്രൊജക്ട് നമ്പർ- 2/20-21

വകയിരുത്തിയ തുക- 357000

ചെലവുതുക- 357000

നിർവഹണം- സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 68 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനാണ് പ്രൊജക്ട് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. ആയതിന്റ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം നേരിട്ട് അടവാക്കുകയോ, തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുക റീ ക്ലപ്പ് ചെയ്തുനൽകുകയോആണ് ചെയ്തത്.സാമ്പത്തിക വർഷംവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനറിപ്പോർട്ട് 12.6.20 ന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരുന്ന 68 ടാപ്പുകളിൽ 57 എണ്ണം പ്രവർത്തനക്ഷമമാണെന്നും 10എണ്ണം പ്രവർത്തനരഹിതമാണെന്നും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഒരു ടാപ്പുസംബന്ധിച്ച വിവരം ലഭ്യമല്ല. 7.7.2020 ൽ ചേർന്ന ഭരണസമിതി യോഗം അജണ്ട 2 തീരുമാനം ഒന്ന് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച സംയുക്ത പരിശോധനാ റിപ്പോർട്ട് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തിയും തീരുമാനമെടുത്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റിയുടെ 9.7.2020 കൂടിയ യോഗത്തിലെ 18/20 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് സ്റ്റേഡിയത്തിനടുത്ത് നിലവിലുള്ള കണക്ഷൻ പുനസ്ഥാപിക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ടാപ്പുകളിൽ ആവശ്യമുള്ളവ മാത്രം നിലനിർത്താനും ഭരണസമിതിയോട് ശുപാർശചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് തുടർ നടപടികളൊന്നും പിന്നീട് കൈകൊണ്ട് കാണുന്നില്ല. സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7/20 മുതൽ 57 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്നതിന് പകരം 20-21 സാമ്പത്തിക വർഷം മുഴുവനായും 21-22 സാമ്പത്തികവർഷം 9/21വരെയും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് ഉൾപ്പെടെ 68 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർഅതോറിറ്റി ഈടാക്കിയിരിക്കുന്നത്. 20-11.2020 ൽ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 57 പൊതുടാപ്പുകൾ മാത്രം പ്രവർത്തിക്കുന്നതിനാൽ 2020 നവംബർ മുതൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം കുറച്ചുനൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2020 ജൂൺ മാസത്തിൽ സംയുക്തപരിശോധനാ റപ്പോർട്ട് ലഭ്യമായിട്ടും നവംബർ മുതൽ മാത്രം വെള്ളക്കരം കുറവുചെയ്തു നൽകാൻ ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള

ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ 2021 സപ്തംബർ മുതലാണ് വെള്ളക്കരം 57 ടാപ്പുകൾക്കായി കുറവുചെയ്ത് കിട്ടിയിരിക്കുന്നത്. 7/20 മുതൽ ആഗസ്റ്റ് 2021 വരെ 14 മാസക്കാലം വാട്ടർ അതോറിറ്റി അർഹമായതിലും കൂടിയ തുക വെള്ളക്കരമിനത്തിൽ ഈടാക്കിയതായി കാണുന്നു. ആയത് തിരികെ ഈടാക്കുന്നതിനോ, തുടർബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തുനൽകുന്നതിനോ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ കൈകൊണ്ട് വിവരം അറിയിക്കേണ്ടതാണ്.

## 1-32 അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അഗതിരഹിത കേരളം പ്രൊജക്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം പ്രൊജക്ട്. കായണ്ണ പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 54തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.3-.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 36 കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 6819800 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 1045300 രൂപയും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 348433 രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 56885 രൂപ കഴിച്ച് 291548 രൂപ മേൽ ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 24.3.21 ൽ 348433 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. പ്രൊജക്ടുപ്രകാരം വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം ആവശ്യമുള്ള 7കുടുബങ്ങളും, ഭവനപുനരുദ്ധാരണം ആവശ്യമുള്ള 14 കുടംബങ്ങളും, ചികിത്സ ആവശ്യമുള്ള 30 കുടുബങ്ങളും ഉണ്ടെങ്കിലും ആയതിൽ 4പേർക്ക് ഭവനപുനരുദ്ധാരണത്തിനും, രണ്ട് പേർക്ക് ഭവന നിർമ്മാണത്തിനും ധനസഹായം അനുവദിച്ചതായി കുടുംബശ്രീയിൽ നിന്നും അറിയിച്ചു. അർഹരായ മറ്റുള്ളവർക്കൊന്നും ഇത്തരം അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവന പരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം പൂർത്തിയായിട്ടും ഭക്ഷണവിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. ലഭ്യമായ ചലഞ്ച് ഫണ്ട് ചെലവഴിച്ച് അർഹരായവർക്ക് ചികിത്സാ സഹായം ലഭ്യമാക്കാമെന്നിരിക്കെ ചികിത്സ ആവശ്യമുള്ള 30 പേരിൽ ആർക്കും തന്നെ ചികിത്സക്ക് തുക ചെലവഴിച്ചതായി കാണുന്നില്ല. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരംഭവന രഹിതരും വീട് നിർമ്മിക്കാൻആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. അഗതികൾക്ക് കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

അഗതിരഹിതകേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃതബാങ്കിൽ പുതിയ എകൗണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീയുടെ പഴയ ആശ്രയ എകൗണ്ടാണ് അഗതിരഹിത കേരളം പ്രൊജക്ടിനായി ഉപയോഗിക്കുന്നത്.

2)അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15%ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലുംപദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തികാണുന്നില്ല.

3)ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം

ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോമാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചുനൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി 3.9..21 ശേഷം യോഗം ചേർന്നതായി കാണുന്നില്ല.

4) അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കഷിക്കുന്നുണ്ടെങ്കിലും അത്തരമൊരുകമ്മറ്റി രൂപീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പംഅഗതിരഹിതകേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനപരിചരണ പാക്കേജുകൾ നടപ്പിലാ ക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ആർദ്രം പദ്ധതിയിൽ പി.എച്ച്.സി ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക കൈമാറി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | ആർദ്രം പദ്ധതി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക കൈമാറൽ-പ്രൊജക്ട് നം.119/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | മെയിന്റിനൻസ് ഗ്രാന്റ്(നോൺ റോഡ്)<br>6,33,520/- |
| ചെലവ് | 6,33,520/-/-<br>ബിൽനം.<br>01/04.05.2020/3,33,520/-<br>02/04.05.2020/3,00000/- |

കായണ്ണ പി.എച്ച്.സി-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനായി പി.എച്ച്.സി നവീകരണത്തിനായി 6,33,520/- രൂപ നാഷണൽ ഹെൽമിഷന് കൈമാറി. നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ട കരാർ, പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(23/2020-21/20.05.2022) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഏജൻസിയുമായി ഏർപ്പെട്ട കരാറും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-34 അടിസ്ഥാനസൗകര്യങ്ങളും ഫിറ്റ്നസുമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ 17 അങ്കണവാടികളാണുള്ളത്. 2020-21 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ അതിൽ പല അങ്കണവാടികളിലും അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് കാണുന്നു. വിശദാംശം താഴെകാട്ടുക്കുന്നു.

| ക്രമനം | ലഭ്യമല്ലാത്തഅടിസ്ഥാന | അങ്കണവാടികളുടെ വിശദാംശം |
|---|---|---|

| | സൗകര്യം | |
|---|---|---|
| 1 | ഫിറ്റ്നസ് ഇല്ലാത്തവ | 6 എണ്ണം |
| 2 | കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള കെട്ടിടം | 81,82,83 സെന്ററുകൾ (വളരെ ഉയരത്തിലുള്ള കെട്ടിടം,വെള്ളപ്പൊക്ക ഭീഷണി എന്നിവയാണ് കാരണം) . 83ാം നമ്പർ സെന്ററിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| 3 | കുടിവെള്ളം ലഭ്യമല്ലാത്ത് | സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഇല്ലാത്ത 8 അങ്കണവാടികൾ ഉണ്ട്. |
| 4 | സ്വന്തമായി കെട്ടിടമില്ലാത്തത് | 95ാം നമ്പർ സെന്റർ( ഇറിഗേഷൻ വകുപ്പിന്റെ കെട്ടിടത്തിൽ) |
| 5 | ചുറ്റമതിൽ ഇല്ലാത്തവ | 5 എണ്ണം |

അങ്കണവാടികൾ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതു സംബന്ധിച്ചും അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/2020-21/20.05.2022) മറുപടി ലഭ്യമാക്കിയില്ല. കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള കെട്ടിടങ്ങളിലെ പ്രവർത്തനം അവസാനിപ്പിച്ച് സുരക്ഷിതമായ കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണ സമിതിയുടെ സജീവ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

അങ്കണവാടികളിൽ നിലവിൽ വാണിജ്യഗ്യാസ്സ് കളക്ഷനാണുള്ളത്. അതുമൂലം വലിയ തുക പ്രതിമാസം ഗ്യാസ്സിന് വേണ്ടി ചെലവഴിക്കേണ്ടിവരുന്നുണ്ട്. ആയത് ഗാർഹിക കണക്ഷനാക്കി മാറ്റാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം

കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 113/20-21 |
| പ്രോജക്ട് | കാരക്കുളങ്ങരച്ചാലിൽ മണ്ടോപ്പാററോഡ് (So) |
| ഫണ്ട് | മെ.ഫണ്ട്(നോൺറോഡ്) |
| ബിൽ നമ്പർ, തിയ്യതി ,തുക | 1/. 19.4.2020. 206775രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 9.10.2019 |
| കരാറുകാരൻ | ഷിബു.കെ |
| കരാർ നമ്പർ ,തിയ്യതി | എഇ/27/19-20 തിയ്യതി 11.11.19 |
| പി.എ.സി തുക | 259972രൂപ |
| ഈടാക്കേണ്ട പിഴ | 2599രൂപ |
| പ്രോജക്ട് നമ്പര് | 88/21 |
| പ്രോജക്ട് | കോരമംഗലം കുടിവെള്ളപദ്ധതി നവീകരണം |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ, തിയ്യതി ,തുക | 33/25.11.20. 197743 |
| സെലക്ഷൻ നോട്ടീസ് തിയ്യതി,കരാറുകാരൻ | 10.8.20,അഷറഫ്.കെ.കെ |
| കരാർ നമ്പർ ,തിയ്യതി | AE/30/LSGD/KYN/20-21 /22.9.20 |
| പി.എ.സി തുക | 178435 |
| ഈടാക്കേണ്ട പിഴ | 1784 |
| ആകെ | 4383 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. 4383 രൂപ പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

കായണ്ണ ഗ്രാമപഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു.

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | പി.എ. സി തുക | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 147/20-21(s.o) കായണ്ണ പി.എച്ച്.സി യിൽ പൊതു ശുചിത്വ സമുച്ചയം | 187590 കേന്ദ്രാവിഷ്കൃത ഫണ്ട് ബിൽനം.109/ 5.10.20. | അത്തോളി ലേബർ കോൺട്രാക്ട് കോ.ഓപ് സൊസൈറ്റി AE/18/lsgd /kyn/19-20 Dtd.24.10.19 | 6.മാസം 24.10.19 | 27.8.20 M B00k.21 /19-20 | 677509 രൂപയുടെ 3% | 677509 | 20325 |

മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും രേഖകൾ ഹാജരാക്കാത്തവർക്കും കട്ടിൽ നൽകി

| | |
|---|---|
| പ്രൊജക്ട് | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ-പ്രൊജക്ട് നം.21/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി)- 178350/- |

| | |
|---|---|
| ചെലവ് | 1,69,650/-<br>ബിൽനം.20170952003201221735/10.03.2021 /1,69,650/- |

മേൽ പദ്ധതിയിൽ 39 കട്ടിലുകൾ വാങ്ങിയ വകയിൽ 1,69,650/-രൂപ സിഡ്കോ-യ്ക്ക് നൽകി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെകൊടുക്കുന്നു

1. ഭരണസമിതിയുടെ 28.10.2020-ലെ 3/1 തീരുമാനപ്രകാരമാണ് പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത്. എന്നാൽ അംഗീകരിച്ച ലിസ്റ്റിൽപ്പെടാത്ത 5 പേർക്ക് കട്ടിൽ വിതരണം ചെയ്തതായി വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. 14.02.2021-ന് നടന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ ഈ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നുണ്ടെങ്കിലും ഭരണസമിതി ഈ തീരുമാനം അംഗീകരിച്ചിട്ടില്ല. വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| 1 | ശ്രീമതി.കല്യാണി കുന്നുമ്മൽ |
| 2 | ശ്രീമതി .പറായി കോക്കുന്നുമ്മൽ |
| 3 | ശ്രീമതി .ജാനു താനികുഴിയിൽ |
| 4 | ശ്രീമതി .കല്ല്യാണി കല്ലങ്ങൽ മീത്തൽ |
| 5 | ശ്രീമതി .ലീല ഗോപാലൻ ,ചെമ്പ്ര നടുപ്പറമ്പിൽ |

2. പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ആരുടെയും അപേക്ഷ ഫയലിൽ ലഭ്യമല്ല

ഓഡിറ്റിന് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം ലഭിച്ച ആരുടെയും അപേക്ഷ ഫയലിൽ ലഭ്യമല്ലായെന്ന് കാണുന്നു. ചില ഗുണഭോക്താക്കളുടെ ആധാർകാർഡ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാണെങ്കിലും ആനുകൂല്യം കൈപ്പറ്റിയവരിൽ 13 പേരുടെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. ആയതിനാൽ അവരുടെ ആനുകൂല്യത്തിനുള്ള അർഹത എങ്ങനെ ഉറപ്പുവരുത്തിയെന്ന് വ്യക്തമല്ല.

3. കട്ടിലുകൾ മുഴുവനും വിതരണം ചെയ്തില്ല

38 ഗുണഭോക്താക്കളുടെ പേര് എഴുതിയ വിതരണരജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അതിൽ 18 പേരെ കട്ടിൽ കൈപ്പറ്റിയതായി ഒപ്പുവെച്ചിട്ടുള്ളൂ. ബാക്കിയുള്ള 20 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടില്ലായെന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നത്. കൂടാതെ 39ാമത്തെ ഗുണഭോക്താവ് ആരാണെന്നും വ്യക്തമല്ല. 38 ഗുണഭോക്താക്കൾക്ക് കട്ടിൽ നല്കിയെങ്കിലും മുഴുവൻ പേരിൽ നിന്നും കൈപ്പറ്റിയതിന് ഒപ്പുവാങ്ങിക്കുവാൻ വിട്ടുപോയി എന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിട്ടുള്ളത്. കട്ടിൽ കൈപ്പറ്റിയ 38 ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആവശ്യമില്ലാതെ വാങ്ങി വിതരണം ചെയ്യാത്ത ഒരു കട്ടിലിന്റെ വിലയായ 4350/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

കട്ടിൽ നൽകലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വിതരണം ചെയ്തതിലും നിർവ്വഹണഉദ്യോഗസ്ഥന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (20/2020-21/ 20.05.2022) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമില്ലാതെ വാങ്ങിയ ഒരു കട്ടിലിന്റെ വിലയായ 4,350/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അർഹത

സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാലും വിതരണവിവരം പൂർണ്ണമല്ലാത്തതിനാലും പദ്ധതിയിൽ ചെലഴിച്ച ബാക്കി തുക 1,65,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുടർന്നും രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകൾ ലഭ്യമല്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 19.05.2022, 20.05.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,13,750 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1,13,750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,25,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(സ്പിൽ ഓവർ) | 1,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,30,000 | കദളീവനം | 1,30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,40,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 1,40,000 | 0 |
| ബ്ലോക്ക് | 2020-21 | 7,50,000 | മിൽക്ക് ഇൻസെന്റീവ് | 7,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,58,156 | മിൽക്ക് ഇൻസെന്റീവ്(സ്പിൽ ഓവർ) | 8,58,156 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 48,000 | പച്ചക്കറി കൃഷി വികസനം | 48,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,50,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,50,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(സ്പിൽ ഓവർ) | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33,000 | സുഫലം-വിഷരഹിത ഫലം | 33,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 77,000 | മുട്ടഗ്രാമം | 77,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 6,20,000 | ലൈഫ് ഭവന പദ്ധതി - മൂന്നാം ഘട്ടം(ജനറൽ) | 6,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7,36,000 | ഭവനരഹിതർക്ക് വീട് (ലൈഫ് പദ്ധതി) | 7,36,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,30,000 | ഭവനരഹിതർക്ക് വീട് (ലൈഫ് പദ്ധതി)- എസ്.സി | 2,30,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,50,000 | മിൽക്ക് ഇൻസെന്റീവ് | 1,50,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, പേരാമ്പ്ര | ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 38, തീ-27.03.2021 | 8,62,991 | 8,62,991 | 0 |
| കെ.എസ്.ഇ.ബി, പേരാമ്പ്ര | ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കൽ | 39, തീ-27.03.2021 | 92,000 | 92,000 | 0 |
| കെ.വൈ.ഐ.പി കുറ്റ്യാടി സെക്ഷൻ | മുണ്ടുവയൽ കുട്ടിക്കണ്ടി റോഡ് | 44, തീ-29.03.2021 | 5,00,000 | 0 | 5,00,000 |
| കെ.വൈ.ഐ.പി കുറ്റ്യാടി സെക്ഷൻ | മുണ്ടുവയൽ കുട്ടിക്കണ്ടി റോഡ് | 45, തീ-29.03.2021 | 39,560 | 0 | 39,560 |
| ഡിസ്ട്രിക്ട് ഹെൽത്ത് ഫാമിലി വെൽഫയർ സൊസൈറ്റി | ആർദ്രം പദ്ധതി തുക കൈമാറൽ | 191709520003401612765, തീ-04.05.2020 | 3,33,520 | 3,33,520 | 0 |
| ഡിസ്ട്രിക്ട് ഹെൽത്ത് ഫാമിലി വെൽഫയർ സൊസൈറ്റി | ആർദ്രം പദ്ധതി തുക കൈമാറൽ | 191709520003401612755, തീ-04.05.2020 | 3,00,000 | 3,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | - | 2,05,74,254 | 15,21,256 | -- | 1,90,52,998 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 09.09.2014 | - | 10000 | |
| ആകെ | | | | 10000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-02 | ലഭ്യമല്ല | 2004-05 (പൊതുപരാമർശം) | 11.1.3.20.117 | നികുതി പിരിവിൽ അലംഭാവം | നിലനിൽക്കുന്നു. |
| 2017-18 | 3-3 | 2016-17 | 1-11-1.161 | TSB ഫണ്ട് ലഭിയ്ക്കുന്നില്ല. | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,39,35,419 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,30,31,670 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,058 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,20,860 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,383 | നീന.പി, അസി.എഞ്ചിനീയർ |
| 3-2 | | 20,325 | നീന.പി, അസി.എഞ്ചിനീയർ |
| 3-3 | | 4,350 | സാഗ്യപ്രകാശ്.എൻ.കെ, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 5,39,560 | മനോജ്കുമാർ.കെ.ടി, സെക്രട്ടറി |
| 1-25 | 1,65,300 | സാഗ്യപ്രകാശ്.എൻ.കെ, അസി.സെക്രട്ടറി |
| 1-30 | 17,40,000 | ബിജോഷ്.എസ്.ഡി, വി.ഇ.ഒ |
| 1-30 | 6,76,000 | അഭിലാഷ്.ടി.കെ, വി.ഇ.ഒ |
| ആകെ | 31,20,860 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നീന.പി, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കായണ്ണ ഗ്രാമപഞ്ചായത്ത് | കൊളത്തൊടി,ചാലിയം, കോഴിക്കോട് |
| മനോജ്കുമാർ.കെ.ടി, സെക്രട്ടറി | സെക്രട്ടറി, കായണ്ണ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ, താമരശ്ശേരി, കോഴിക്കോട് |
| സാഗ്രപ്രകാശ്.എൻ.കെ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കായണ്ണ ഗ്രാമപഞ്ചായത്ത് | നെല്ലുളിക്കണ്ടി, കീഴരിയൂർ(പി.ഒ), കൊയിലാണ്ടി,കോഴിക്കോട് |
| ബിജോഷ്.എസ്.ഡി, വി.ഇ.ഒ | വി.ഇ.ഒ, ഉള്ളേ്യരി ഗ്രാമപഞ്ചായത്ത് | ചെറുവത്ത്, വാകയാട്(പി.ഒ), നടുവണ്ണൂർ, കോഴിക്കോട് |
| അഭിലാഷ്.ടി.കെ, വി.ഇ.ഒ | വി.ഇ.ഒ, മേലടി ബ്ലോക്ക്പഞ്ചായത്ത് | തിയ്യക്കണ്ടി, വട്ടോളിബസാർ, ബാലുശ്ശേരി, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.4/775/18 തീ. 20.02.2018 | 1 | 2-1 |
| 2000-01 (പദ്ധതി ചെലവ്) | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(1)തീ. 20.02.2018 | 1 | 2 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(2)തീ. 20.02.2018 | 2 | 3-5, 4-1 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(4) തീ.20.02.2018 | 1 | 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(5) തീ.20.02.2018 | 2 | 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(6)തീ.20.02.2018 | 4 | 2-2, 2-3, 3-6, 3-7 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(7)തീ.20.02.2018 | 3 | 2-4, 3-3, 3-6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(8)തീ.20.02.2018 | 3 | 3-1,3-2, 3-5, 3-6 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(9) തീ. 20..02.2018 | 3 | 3-1, 3-2, 3-3 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.4/775 /18(10)തീ.20.02.2018 | 5 | 2-4,3-1, 3-2, 3-3, 3-7 |
| 2010-11 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.4/262/13 തീ. 15.11.2013 | 21 | 2-1, 3-1, 3-2, 3-3, 3-4,3-5, 3-6, 3-10, 3-12,3-13, 3-15, 3-16, 3-17,3-18, 3-19, 3-20, 3-21, 3-22, 3-25, 4-3, 4-5 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.4/618/15 തീ. 23.11.2015 | 10 | 1-3, 3-1(1), 3-1(2), 3-1(3),3-2, 3-3, 3-5(2), 3-7, 3-9, 4-1 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.4/1386/16 തീ.21.03.2017 | 23 | 2-1, 2-2, 3-1, 3-2(1), 3-2(2), 3-3, 3-4, 3-5,3-6, 3-7(1), 3-7(2),3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.4/1943/16 തീ. 21.03.2017 | 18 | 2-1, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13,3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.3/190/22 തീ-02.04.2022 | 6 | 2-1(1), 3-1, 3-2, 3-3,3-4(3),3-4(4), 3-5(1)(2)(3)(4)(5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.4/836/19 തീ-20.08.2019 | 19 | 2-1,2-2,2-3, 2-4, 2-5,3-1,3-2,3-3, 3-4,3-5,3-7,3-9(2), 3-10,3-11,3-12, 3-13,3-14,3-15, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.3/1552/21 തീ-07.04.2022 | 17 | 1-2,1-3,1-4,1-5, 1-8,1-9,1-10,1-12, 1-13,1-15,1-16, 1-18,1-20,1-21,1-22,3-1, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.3/1611/21 തീ-06.04.2022 | 19 | 1-2-1,1-2-2,1-2-3, 1-2-7,1-4,1-9,1-11,1-12, 1-13,1-15,1-17-1,1-17-2, 1-17-3, 1-18,1-19,1-20, |

| | | | |
|---|---|---|---|
| | | | 1-21, 1-22, 4-11 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്